**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം നഗരസഭ - നഗരസഭയിലെ സാക്ഷരതാ പ്രേരക്മാരെ പിരിച്ചുവിട്ട നടപടി റദ്ദ് ചെയ്ത ഉത്തരവ് റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2439/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.08.2016.

================================================================

**പരാമർശം :** 1) ഒറ്റപ്പാലംനഗരസഭാ സെക്രട്ടറിയുടെ 22.11.2012 തീയതിയിലെ ജി3-6339/98 നമ്പർ കത്ത്.

2) 27.09.2013 തീയതിയിലെ സ.ഉ. (സാധാ) നം. 2391/2013/ തസ്വഭവ.

3) ഒറ്റപ്പാലം നഗരസഭാ ചെയർമാന്റെ 29.06.2016 തീയതിയിലെ കത്ത്.

4) നഗരകാര്യ ഡയറക്ടറുടെ 23.07.2016 തീയതിയിലെ ഇ2-5767/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഒറ്റപ്പാലം നഗരസഭയിൽ സാക്ഷരതാ പ്രേരക്മാരായി ജോലി ചെയ്തിരുന്ന 11 പേരെ നഗരസഭകളുടെ കീഴിലുള്ള സാക്ഷരതാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ കൃത്യമായി തുറന്നു പ്രവർത്തിക്കുന്നില്ലെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്യുകയും ആയതിനെതിരെ പ്രേരക്മാർ നൽകിയ മറുപടി പരിഗണിച്ച ശേഷം ആയതിൽ തൃപ്തി വരാതെ 09.11.2012-ൽ നടന്ന സാക്ഷരതാ സമിതി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് ശേഷം മുഴുവൻ പ്രേരക്മാരെയും പരാമർശം ഒന്ന് പ്രകാരം പിരിച്ചുവിടുകയും ചെയ്തു. നഗരസഭയുടെ ഈ തീരുമാനം പരാമർശം രണ്ട് ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നും ഹോണറേറിയം അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ പരാമർശം രണ്ടിലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നും ഒറ്റപ്പാലം നഗരസഭാ ചെയർമാൻ പരാമർശം മൂന്ന് പ്രകാരം അപേക്ഷിച്ചു.

2. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം നാലിലെ റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

"ഒറ്റപ്പാലം നഗരസഭയിലെ സാക്ഷരതാ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സംബന്ധിച്ച് വർഷങ്ങളായി നിലനിന്നിരുന്ന പരാതികൾ അന്വേഷിക്കുന്നതിന് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 06.06.2012 ന് രാവിലെ 11 മണിക്ക് പാലപ്പുറം ശിശുവിഹാറിലും ഉച്ചയ്ക്ക് 2.00 മണിക്ക് വിദ്യാപ്രദായനി വായനശാലയിലും 08.06.2012 ന് രാവിലെ 11.30 ന് കണ്ണിയംപുറം വായനശാലയിലും 11.06.2012-ന് രാവിലെ 11.30 ന് വരോട് സെന്ററിലുള്ള തുടർ സാക്ഷരതാ വിദ്യാഭ്യാസ കേന്ദ്രത്തിലും പരിശോധന നടത്തുകയും ആയതിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ കാലങ്ങളായി തുടർന്നു പ്രവർത്തിക്കുന്നില്ലെന്നും സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടില്ലെന്നും കണ്ടെത്തി. 09.11.2012 ന് മുനിസിപ്പൽതല സാക്ഷരതാ സമിതി

യോഗം ചേരുകയും സാക്ഷരതാ പ്രേരക്മാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി, ചെയർമാൻ, വൈസ് ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൗൺസിലർമാർ എന്നിവർ നേരിട്ട് തുടർ സാക്ഷരതാ വിദ്യാഭ്യാസകേന്ദ്രങ്ങൾ പരിശോധിച്ചതിൽ ഗുരുതരമായ കൃത്യവിലോപമാണ് സാക്ഷരതാ പ്രേരക്മാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും കൂടാതെ സാക്ഷരതാ പ്രേരക്മാർ ഇതേസമയം ആശാ പ്രവർത്തകരായും സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി വിവിധ ജോലികൾ ചെയ്യുകയും അതുപോലെ തന്നെ ഹെലൻ കെല്ലർ വിദ്യാഭ്യാസ കേന്ദ്രം കോ-ഓപ്പറേറ്റീവ് ബാങ്ക്, സിന്റിക്കേറ്റ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 23.06.2012 ലെ ജി3-6339/98 ലെ കുറ്റാരോപണ മെമ്മോ മുഖാന്തിരം ഇവരോട് വിശദീകരണം ആവശ്യപ്പെട്ടു. അവർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം കാണിച്ചുകൊണ്ടും ഇവരെ ജോലിയിൽ തുടരാൻ അനുവദിക്കേണ്ടെന്ന് സംസ്ഥാന സാക്ഷരതാ സമിതിയെ രേഖാമൂലം അറിയിക്കുകയും സാക്ഷരതാ പ്രേരക്മാരെ പിരിച്ചുവിടാൻ ശുപാർശ ചെയ്യുകയുമുണ്ടായി. പക്ഷേ പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം നഗരസഭയിലെ സാക്ഷരതാ പ്രേരക്മാരെ പിരിച്ചുവിട്ടുകൊണ്ടുള്ള നഗരസഭയുടെ നടപടി സർക്കാർ റദ്ദുചെയ്തു.

3. സാക്ഷരതാ പ്രേരക്മാരുടെ സേവനം നിലവിലില്ലാത്ത സാഹചര്യത്തിൽ ഒറ്റപ്പാലം നഗരസഭാ ചെയർമാന്റെ അപേക്ഷ പരിഗണിച്ച് പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രേരക്മാരെ പിരിച്ചുവിട്ട നഗരസഭയുടെ നടപടിക്ക് ന്യായീകരണമുണ്ട്. കൂടാതെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ കാര്യങ്ങൾ വ്യക്തവുമാണ്. ഈ സാഹചര്യത്തിൽ, പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും സാക്ഷരതാ പ്രേരകുമാരെ പിരിച്ചുവിട്ട ഒറ്റപ്പാലം നഗരസഭയുടെ പരാമർശം ഒന്നിലെ നടപടി ശരി വച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സംസ്ഥാന സാക്ഷരതാ മിഷൻ
അതോറിറ്റി, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ ഡിവിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**